മുഖ്യമന്ത്രി (ശ്രീ കെ. കരുണാകരൻ):

(എ) റാന്നിയിലും കൊല്ലത്തും.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) അതിൻമേൽ അന്വേഷണം നടത്താൻ ഉത്തരവിട്ടു.

(ഡി, ഇ) പ്രകടനക്കാരെ ലാത്തിച്ചാർജ്ജ് നടത്തി എന്ന പരാതിയെക്കുറിച്ച് പോലീസ് ഡയറക്ടർ ജനറലും, പത്രപ്രവർത്തകരെ കൈയ്യേറ്റം ചെയ്തു എന്ന പരാതിയെക്കുറിച്ച് റവന്യൂ ബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവും അന്വേഷിക്കുന്നുണ്ട്.

(എഫ്) ഈ സംഭവത്തിൽ 3 പോലീസ് ഉദ്യോഗസ്ഥൻമാർക്കും മറ്റ് 14 പേർക്കും പരിക്കേറ്റു.

(ജി) പരിക്കേറ്റ പതിനാല് പേരിൽ പത്ര പ്രവർത്തകർ ആരും ഇല്ല. മനോരമയുടേയും കേരള കൗമുദിയുടേയും പ്രവർത്തകർക്കു പരിക്കേറ്റതായി പരാതിയുണ്ടായിട്ടുണ്ട്.

(എച്ച്) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 3 പോലീസുകാരെ സസ്പെന്റു ചെയ്ത് ഡിപ്പാർട്ടുമെന്റ് ശിക്ഷണ നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഏഴാം പദ്ധതി

* 6 [6] ശ്രീ. ഇ. പത്മനാഭൻ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. എം. ജിനദേവൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര; അതിൽ കേന്ദ്രത്തിന്റെ വിഹിതം എന്താണ്;

(ബി) ഏഴാം പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പരിപാടികൾക്ക് സംസ്ഥാനം ആവശ്യപ്പെട്ട അടങ്കൽ എത്ര; അംഗീകരിച്ചതെത്ര; ഈ വർഷങ്ങളിലേക്ക് കേന്ദ്രഗവൺമെന്റിന്റെ വിഹിതം എത്രവീതം;

(സി) ഒന്നാംവാർഷിക പദ്ധതിക്ക് സംസ്ഥാനം ചെലവഴിച്ച മൊത്തം തുക എത്ര; ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എന്തായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതി അടങ്കൽ 2100 കോടി രൂപയാണ്. അതിൽ കേന്ദ്രത്തിന്റെ വിഹിതം 1140 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	1985–86 ഒന്നാംവർഷം കോടി രൂപ	1986–87 രണ്ടാംവർഷം കോടി രൂപ
സംസ്ഥാനം ആവശ്യപ്പെട്ടത്	549	435
അംഗീകരിച്ചത്	355	390
കേന്ദ്രസഹായം (മുൻകൂർ പദ്ധതി സഹായം ഉൾപ്പെടെ)	288	280

(സി) അന്തിമമായി കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും ഇതു വരേയും ലഭിച്ച കണക്കനുസരിച്ച് 336.31 കോടിരൂപ ചെലവാക്കിയിട്ടുണ്ട്. 1985–86–ലെ പുതുക്കിയ എസ്റ്റിമേറ്റ് 371 കോടിരൂപയാണ്. 1985–86–ൽ കേന്ദ്രസഹായമായി 283.18 കോടി രൂപ ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റി.

* 7 [7] ശ്രീ. ടി.കെ. [illegible]മുഖൻ:
,, കെ.പി. അരവിന്ദാക്ഷൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, എ.കെ. പത്മനാഭൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വേൾഡ് മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റിയ്ക്ക്' വിദേശത്തു നിന്നും പണം ലഭിക്കുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ ഈ സ്ഥാപനത്തിന് എന്തു തുക കിട്ടിയിട്ടുണ്ട്;

(സി) ഈ സംഘടനയുടെ ഉൽഘാടനത്തിനു വിദേശത്തു നിന്നും ആരെങ്കിലും വന്നിരുന്നുവോ; എങ്കിൽ ആരൊക്കെ; അവർ കേരളത്തിൽ താമസിച്ചിരുന്നുവോ;

(ഡി) വിദേശത്തുനിന്നും വന്നവർ ഇവിടെ ധാരാളം പണം വിതരണം ചെയ്തതായി അറിയുന്നതു ശരിയാണോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) തിരുവനന്തപുരം ആസ്ഥാനമായി ഇങ്ങനെയൊരു സ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly